(ഡി) ഇതു സംബന്ധിച്ച ചർച്ചകൾ ഇനിയും പൂർത്തിയായിട്ടില്ല.

(ഇ) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും സംസ്ഥാന വൈദ്യുതി ബോർഡിനോ സർക്കാരിനോ ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ താപനിലയങ്ങളിലെ ഉൽപ്പാദന ചെലവ്

77(290) ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം, കോഴിക്കോട് വൈദ്യുതി നിലയങ്ങളിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എന്തു തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ പവർ പ്രോജക്ടിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എന്തു തുക വേണ്ടിവരുമെന്നാണ് ഇതിന്റെ സംഘാടകർ അവകാശപ്പെടുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കായംകുളം താപവൈദ്യുതി നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്തു വിലയാണ് ആവശ്യപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ബ്രഹ്മപുരം താപനിലയത്തിന് 3 രൂപ 91 പൈസയും കോഴിക്കോട് താപനിലയത്തിന് 3 രൂപ 77 പൈസയും 70% പ്ലാന്റ് ലോഡ് ഫാക്ടറിൽ ചെലവാകും. ഇന്ധനത്തിന്റെ വില മാറുന്നതനുസരിച്ച് ഈ നിരക്ക് മാറുന്നതാണ്.

(ബി) തുക കണക്കുകൂട്ടുന്നതിനാവശ്യമായ വിശദാംശങ്ങൾ മുഴുവനും ഇനിയും സമർപ്പിക്കപ്പെട്ടിട്ടില്ല.

(സി) 2000 -മാണ്ട് ഒക്റ്റോബർ മാസം യൂണിറ്റൊന്നിന് 5 രൂപ 42 പൈസ വച്ചും നവംബർ മാസം 4 രൂപ 26 പൈസ വച്ചും എൻ.ടി.പി.സി. ആവശ്യപ്പെട്ടിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി

78(292) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർന്ന് നടത്തുവാൻ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് നൽകിയ അനുമതിക്കെതിരെ ഇലക്ട്രിസിറ്റി ബോർഡ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly